(ബി,സി) കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിലും മാന്യമായ കൂലിയും ഉറപ്പുവരുത്തുന്നതിന് അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പ്രത്യേക ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെപണി

* 357. [416] പ്രൊ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് പണികൾ നടത്തുന്നതിന് ടാറില്ലാത്തതുകൊണ്ട് എത്ര പണികൾ മുടങ്ങിക്കിടക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വകുപ്പു നേരിട്ട് ടാർ വാങ്ങുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(ഡി) ഈ മുടങ്ങിക്കിടക്കുന്ന പണികൾ നടത്തുന്നതിന് അടിയന്തിര പ്രാധാന്യം നൽകുമോ ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (പ്രൊ. പി. കെ. വേലായുധൻ) :

(എ) തൃശ്ശൂർ ജില്ലയിൽ 13 റോഡുകളുടെ പണി മുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജില്ലാ വികസന ഏജൻസികൾക്ക് ആവശ്യമായ ടാർ നൽകാൻ ബി ആൻറ് ആർ ചീഫ് എൻജിനീയർ മുഖേന ഇൻഡ്യൻ ഓയിൽ കോർപ്പറേഷനോട് ആവശ്യപ്പെടുകയും കോർപ്പറേഷൻ അതു ഭാഗികമായി അനുവദിക്കുകയും ചെയ്തു. ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും വേണ്ടത്ര കിട്ടാതായപ്പോൾ ഭാരത് പെട്രോളിയം കമ്പനിയിൽ നിന്നും ജില്ലാ ഗ്രാമ വികസന ഏജൻസികൾ വാങ്ങിയിട്ടുണ്ട്. ഗ്രാമവികസന ഏജൻസികൾ ഇപ്പോൾ എണ്ണ കമ്പനികളിൽ നിന്നും നേരിട്ട് ടാർ വാങ്ങുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

ജല-മലിനജല അതോറിറ്റി ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള സംഖ്യ

* 358. [417] പ്രൊ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-5-1985-ൽ ജല-മലിനജല അതോറിറ്റി ഇലക്ട്രിസിറ്റി ബോർഡിന് എത്ര സംഖ്യ നൽകാനുണ്ട് ;

(ബി) 31-5-1985 ൽ ജല-മലിനജല അതോറിറ്റി വകയ്ക്ക് പണിത പണികൾക്ക് കോൺട്രാക്ടർമാർക്ക് എത്ര സംഖ്യ നൽകാനുണ്ട് ;

(സി) 1985-86 വർഷത്തിൽ ജല-മലിനജല അതോറിറ്റിയിലേക്ക് എത്ര സംഖ്യയുടെ പൈപ്പുകൾ വേണ്ടി വരും ;

(ഡി) ഇക്കാര്യത്തിനായി വിവിധ ഓഫീസുകളിൽ നിന്ന് പൈപ്പിന്റെ ആവശ്യം അറിയിക്കാൻ ജല-മലിന ജല അതോറിറ്റിയിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly